## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2394** — **12.02.2020 ൽ മറുപടിക്ക്**

## ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ടി.ജെ. വിനോദ് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ജനുവരിയിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ട് വെച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിലാണ് ഇനിയും പരിഷ്കാരങ്ങൾ വേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുള്ളത്; അറിയിക്കാമോ; | (എ) | കൊച്ചിയിൽ നടത്തിയ 'അസെൻഡ് 2020' ആഗോള നിക്ഷേപ സംഗമത്തിൽ വ്യവസായികളുമായി സംവദിക്കാനുള്ള സ്ഥിരമായ സംവിധാനം, വ്യവസായങ്ങൾക്കാവശ്യമായ സഹായങ്ങൾ ലഭ്യമാക്കുവാനുള്ള സംവിധാനം, ഉദ്യോഗസ്ഥരും നിക്ഷേപകരുമായി സ്ഥിരമായി ആശയ വിനിമയം നടത്തുന്നതിനുള്ള സംവിധാനം എന്നിവയും ട്രെയിനിങ്ങിലൂടെ ഉദ്യോഗസ്ഥരുടെ മനോഭാവം മാറ്റിയെടുക്കുക തുടങ്ങി കാലിക പ്രസക്തിയുള്ള ഒട്ടനവധി നിർദ്ദേശങ്ങളും പ്രസ്തുത സംഗമത്തിൽ നിന്നും ലഭിക്കുകയുണ്ടായി. അസെൻഡ് 2020 ൽ ബഹു. മുഖ്യമന്ത്രി നടത്തിയ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>1. 2025 വരെ നിയമാനുസൃതമായ കാര്യങ്ങൾ പാലിച്ചുകൊണ്ട് രജിസ്റ്റർ ചെയ്യുന്ന കമ്പനികൾക്ക് എംപ്ലോയ്മെൻറ് സബ്സിഡി നല്കുന്നതായിരിക്കും. മാത്രമല്ല, സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സ്ത്രീ തൊഴിലാളികളെ നിയമിക്കുമ്പോൾ പ്രസ്തുത സബ്സിഡി ഇനത്തിൽ 2000/- രൂപ അധികമായി നല്കുന്നതായിരിക്കും..<br><br>2. വലിയ മുതൽ മുടക്കുള്ള വ്യവസായ ആവശ്യങ്ങൾക്കു വേണ്ടി വ്യക്തിക്കോ കമ്പനിയ്ക്കോ ഭൂമിയുടെ |

| | | | |
|---|---|---|---|
| | | | ഉടമസ്ഥാവകാശത്തിനുള്ള പരിധി 15 ഏക്കറിൽ നിന്ന് ഉയർത്തുന്നതാണ്.<br>3. റോഡിന്റെ വീതിയുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധി ലഘൂകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കും.<br>4. സ്ത്രീകൾക്കും ഫാക്ടറികളിൽ 7 PM മുതൽ 6 AM വരെ ജോലി ചെയ്യാമെന്ന വ്യവസ്ഥ കൊണ്ടുവരുന്നതിലേയ്ക്കുള്ള നടപടികൾ പരിശോധിക്കുന്നതാണ്.<br>5. 66,000/- കോടി രൂപയിലേറെ മുതൽ മുടക്കുള്ള കേരളത്തിന്റെ സ്വപ്ന പദ്ധതിയായ Silverline ന്റെ നടത്തിപ്പ് വേഗത്തിലാക്കുന്നതാണ്.<br>6. വ്യവസായികൾക്ക് വ്യാവസായികാവശ്യാനുസരണം വേണ്ടി വരുന്ന വൈദ്യുതി വിതരണ ശൃംഗല നവീകരിക്കുന്നതിനാവശ്യമായി വരുന്ന തുക സർക്കാർ 5 വർഷം കൊണ്ട് വൈദ്യുതി ബില്ലിൽ ഇളവിന്റെ രൂപത്തിൽ നല്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| **(ബി)** | പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിർമ്മാണ മേഖലയെ പ്രതിസന്ധിയിലാക്കിയെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നിർദ്ദേശമാണ് ഇൻവെസ്റ്റേഴ്സ് മീറ്റിൽ ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ; | **(ബി)** | പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ച് വിവിധ Stakeholders-നിന്ന് സർക്കാരിന് നിവേദനം ലഭിച്ചിരുന്നു. തുടർന്ന് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്ന വിഷയം പരിശോധിച്ചു വരികയാണ്. |
| **(സി)** | ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് സംസ്ഥാനത്തിന്റെ വ്യവസായ മേഖലയിൽ എന്തൊക്കെ ചലനങ്ങൾ ഉണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ? | **(സി)** | കേരളത്തിന്റെ വ്യവസായ മേഖലയിൽ പുതിയ ഉണർവ് സൃഷ്ടിക്കാനും കേരളത്തിലേയ്ക്ക് കൂടുതൽ വ്യവസായങ്ങളെ ആകർഷിപ്പിക്കുവാനും ഇതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തുവാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**